12067
18/9/15

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന സേവനപദ്ധതി - 2015-16 - അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 531/2015/സാനീവ തീയതി, തിരുവനന്തപുരം 20.08.2015**

---

പരാമർശം: (1) 05/06/2015 ലെ സ.ഉ. (സാധാ) നം.332/2015 സാനീവ നമ്പർ ഉത്തരവ്.

(2) 01/08/2015 ലെ സ.ഉ.(സാധാ) നം 489/2015/സാനീവ.

(3) 07/07/2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ I.C.D.S A7- 7755/15 നമ്പർ കത്ത്

(4) 22/07/15 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ "4235-02-102-96 (പി)" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 4,94,00,000/- രൂപ വിനിയോഗിച്ച് 13 ലക്ഷം രൂപ നിർമ്മാണചെലവിൽ ആകെ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ശീർഷകത്തിൽ ശേഷിക്കുന്ന ബാക്കി തുകയിൽ നിന്ന് 4,94,00,000/- രൂപ കൂടി വിനിയോഗിച്ച് ഒരു അങ്കണവാടിക്ക് 13 ലക്ഷം രൂപ നിർമ്മാണചെലവിൽ ആകെ 38 അങ്കണവാടി കെട്ടിടങ്ങൾ കൂടി നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ശേഷിക്കുന്ന 12 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഐ.സി.ഡി.എസ് പ്രൊജക്ടിനു കീഴിലുള്ള നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ 72 -ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും ടി കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിക്കണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

( 2) 22/07/15 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

( 3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ '4235-02-102-96 പ്ലാൻ' ശീർഷകത്തിൽ ശേഷിക്കുന്ന 12 ലക്ഷം രൂപ(പന്ത്രണ്ട് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഐ.സി.ഡി.എസ് പ്രൊജക്റ്റിനു കീഴിലുള്ള നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ 72-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എ. ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ